# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 26.03.2026** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. നാമനിർദ്ദേശ പത്രിക സമർപ്പിക്കാനുള്ള സമയപരിധി ഇന്ന് അവസാനിച്ചതോടെ കേരളത്തിലും, അസമിലും പുതുച്ചേരിയിലും തിരഞ്ഞെടുപ്പ് ചിത്രം തെളിഞ്ഞു.

   **With the deadline for filing nomination papers ending today, the electoral picture has become clear in Kerala, Assam, and Puducherry.**

2. സംസ്ഥാനത്ത് സ്വീകരിച്ചത് 1,654 പത്രികകൾ 114 പത്രികകൾ ഇതിനകം പിൻവലിച്ചു. വോട്ടെടുപ്പിന് 14 ദിവസം മാത്രം അവശേഷിക്കേ പ്രചാരണം ഊർജിതമാക്കി രാഷ്ട്രീയ പാർട്ടികൾ.

   **A total of 1,654 nomination papers were received in the state. As many as 114 papers have already been withdrawn. With only 14 days remaining for polling, political parties have intensified their campaign.**

3. രാജ്യത്ത് പെട്രോൾ, ഡീസൽ, എൽ.പി.ജി എന്നിവയ്ക്ക് ക്ഷാമമില്ലെന്നും മതിയായ ക്രൂഡ് ഓയിൽ ശേഖരം രാജ്യത്തുണ്ടെന്നും കേന്ദ്ര സർക്കാർ.

   **India's petroleum and LPG supply situation is fully secure and under control: Ministry of Petroleum & Natural Gas.**

4. പശ്ചിമേഷ്യൻ സംഘർഷത്തെ തുടർന്ന് ഇതുവരെ നാലര ലക്ഷത്തോളം ഇന്ത്യക്കാർ മടങ്ങിവന്നതായി വിദേശകാര്യ മന്ത്രാലയം.

**Following the West Asia conflict around 4 lakh 50 thousand passengers have returned to India since 28 February.**

5. സംസ്ഥാനത്തെ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ മധ്യ വേനൽ അവധി ഒരു മാസമായി കുറച്ചെന്ന തരത്തിൽ സമൂഹമാധ്യമത്തിൽ പ്രചരിക്കുന്ന വാർത്തകൾ വ്യാജമെന്ന് പൊതുവിദ്യാഭ്യാസ വകുപ്പ്.

**Kerala General Education Department clarified that reports circulating on social media claiming that the mid-summer vacation in educational institutions in the state has been reduced to one month are false.**

6. സാഫ് അണ്ടർ-20 ഫുട്ബോൾ ചാമ്പ്യൻഷിപ്പ്, ഗ്രൂപ്പ് മത്സരത്തിൽ പാകിസ്ഥാനെ പരാജയപ്പെടുത്തി ഇന്ത്യ.

**In the SAFF Under-20 Football Championship, India defeated Pakistan in a group match.**

## ELECTION CAMPAIGN

നാമനിർദ്ദേശ പത്രിക സമർപ്പിക്കാനുള്ള സമയപരിധി ഇന്ന് അവസാനിച്ചതോടെ സംസ്ഥാനത്ത് തിരഞ്ഞെടുപ്പ് ചിത്രം തെളിഞ്ഞു. 1,654 പത്രികകളാണ് സംസ്ഥാനത്ത് സ്വീകരിച്ചത്. 114 പത്രികകൾ പിൻവലിച്ചതായാണ് ഇതുവരെയുള്ള കണക്ക്. 140 മണ്ഡലങ്ങളിലായി 890 സ്ഥാനാർത്ഥികളാണ് മത്സരരംഗത്തുള്ളത്. സ്വതന്ത്ര സ്ഥാനാർത്ഥികൾക്കുള്ള തിരഞ്ഞെടുപ്പ് ചിഹ്നങ്ങളും തിരഞ്ഞെടുപ്പ് കമ്മീഷൻ ഇന്ന് അനുവദിച്ചു. കേരളത്തിനു പുറമേ അസമിലും പുതുച്ചേരിയും നാമനിർദേശ പത്രികകൾ പിൻവലിക്കുന്നതിനുള്ള

സമയ പരിധി ഇന്ന് പൂർത്തിയായി. അടുത്തമാസം 9 നാണ് സംസ്ഥാനത്ത് വോട്ടെടുപ്പ്. വോട്ടെണ്ണൽ മെയ് നാലിന് നടക്കും. നിയമസഭാ തിരഞ്ഞെടുപ്പിനുള്ള പ്രചാരണം - സംസ്ഥാനത്ത് ഊർജ്ജിതമായി തുടരുകയാണ്.

മുഖ്യമന്ത്രിയും മുതിർന്ന സിപിഐഎം നേതാവുമായ പിണറായി വിജയൻ ഇന്ന് എറണാകുളത്ത് എൽഡിഎഫ് പ്രചാരണ പരിപാടികളിൽ പങ്കെടുത്തു. നാളെ അദ്ദേഹം തൃശ്ശൂരിൽ പ്രചാരണം നടത്തും. പ്രധാനമന്ത്രിയും ബിജെപി മുതിർന്ന നേതാവുമായ നരേന്ദ്ര മോദി ഞായറാഴ്ച തൃശ്ശൂരും പാലക്കാടും പ്രചാരണത്തിനെത്തും. എ.ഐ.സി.സി. ജനറൽ സെക്രട്ടറി കെ.സി. വേണുഗോപാൽ എം.പി. ഇന്ന് കണ്ണൂർ ജില്ലയിൽ യു.ഡി.എഫിൻറെ തിരഞ്ഞെടുപ്പ് പ്രചാരണ പരിപാടികളിൽ പങ്കെടുത്തു. മല്ലികാർജുൻ ഖർഗേ, സച്ചിൻ പൈലറ്റ് തുടങ്ങിയ മുതിർന്ന കോൺഗ്രസ് നേതാക്കളും സംസ്ഥാനത്ത് യുഡിഎഫ് പ്രചാരണത്തിനായെത്തിയിരുന്നു. കേന്ദ്ര സഹമന്ത്രിയും ബിജെപി നേതാവുമായ സുരേഷ്ഗോപി ഇന്ന് കോഴിക്കോട് ബേപ്പൂരിൽ എൻഡിഎ പ്രചാരണ പരിപാടികളിൽ പങ്കെടുത്തു.

☸☸☸☸☸☸☸☸☸☸☸☸☸

## FIRST PHASE CAMPAIGN –PALAKKAD (INTRO)

പാലക്കാട് ജില്ലയിൽ ഒന്നാം ഘട്ട പ്രചാരണം പൂർത്തിയാക്കി മുന്നണി സ്ഥാനാർത്ഥികൾ. വരും ദിവസങ്ങളിൽ വിവിധ പാർട്ടികളിൽ നിന്നുള്ള പ്രമുഖ നേതാക്കൾ ജില്ലയിൽ പ്രചാരണത്തിനെത്തും..

വിശദാംശങ്ങളുമായി ആകാശവാണി പാലക്കാട് ജില്ലാ പ്രതിനിധി **ഫൈസൽ അലിമുത്ത്....**

(വോയിസ്)

☸☸☸☸☸☸☸☸☸☸☸☸☸

## CEO

നിയമസഭാ തെരഞ്ഞെടുപ്പിന് മുന്നോടിയായി സംസ്ഥാനത്ത് അന്തിമ വോട്ടർ പട്ടിക പ്രസിദ്ധീകരിച്ചതായി മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ രത്തൻ യു കേൽക്കർ. മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസറുടെ വെബ്സൈറ്റായ www.ceo.kerala.gov.in ൽ അന്തിമ വോട്ടർ പട്ടിക ലഭ്യമാണ്. കൂടാതെ സൂക്ഷ്മ പരിശോധനകൾക്കായി താലൂക്ക് ഓഫീസുകളിലും ,വില്ലേജ് ഓഫീസുകളിലും, ബൂത്ത് ലെവൽ ഓഫീസറുടെ കൈവശവും വോട്ടർ പട്ടിക ലഭിക്കും. അംഗീകൃത രാഷ്ട്രീയ പാർട്ടികൾക്ക് താലൂക്ക് ഓഫീസുകളിൽ നിന്ന് വോട്ടർ പട്ടിക കൈപ്പറ്റി സൂക്ഷ്മ പരിശോധന നടത്താമെന്നും മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ അറിയിച്ചു

☸☸☸☸☸☸☸☸☸☸☸☸☸

## PUTHUCHERY (INTRO)

നാമനിർദ്ദേശപത്രിക പിൻവലിക്കാനുള്ള സമയം അവസാനിച്ചതോടെ കേന്ദ്ര ഭരണപ്രദേശമായ പുതുച്ചേരിയിലും തിരഞ്ഞെടുപ്പ് ചിത്രം തെളിഞ്ഞു. പുതുച്ചേരി, കാരയ്ക്കൽ, മാഹി, യാനം എന്നിവിടങ്ങളിലായി പരന്ന് കിടക്കുന്ന 30 നിയമസഭാ മണ്ഡലങ്ങളിലേക്കാണ് അടുത്ത മാസം 9 ന് വോട്ടെടുപ്പ് നടക്കുന്നത്.

കൂടുതൽ വിവരങ്ങളുമായി പുതുച്ചേരിയിൽ നിന്നും ആകാശവാണി ലേഖകൻ ബിബിൻ എസ് നാഥ്.....

(വോയിസ്)

☸☸☸☸☸☸☸☸☸☸☸☸☸

## ECI PRESS MEET

യുവജനങ്ങളിൽ വോട്ടിംഗ് ശതമാനം ഗണ്യമായി കുറഞ്ഞുവരുന്ന സാഹചര്യത്തിൽ, വോട്ടവകാശത്തിന്റെ പ്രാധാന്യം ശക്തമായി

സമൂഹത്തിലേക്ക് എത്തിക്കുന്നതിനായി *എന്റെ വോട്ട്, എന്റെ ശക്തി* സംസ്ഥാനതല വോട്ടർ ബോധവത്കരണ ക്യാമ്പയിന് മറ്റന്നാൾ തുടക്കമാവും. സംസ്ഥാന നിയമസേവന അതോറിറ്റിയും ഇലക്ഷൻ കമ്മീഷനും ജനമൈത്രി പോലീസും സംയുക്തമായി നടത്തുന്ന ക്യാമ്പയിൻറെ ഉദ്ഘാടനം തിരുവനന്തപുരം മാനവീയം വീഥിയിൽ മറ്റന്നാൾ ഹൈക്കോടതി ജഡ്ജി ജസ്റ്റിസ് എ.കെ.ജയശങ്കരൻ നമ്പ്യാർ നിർവഹിക്കും.

## GOVT – LPG (INTRO)

രാജ്യത്തെ പെട്രോളിയം, എൽ.പി.ജി വിതരണ സാഹചര്യം പൂർണ്ണമായും സുരക്ഷിതവും നിയന്ത്രണ വിധേയവുമാണെന്ന് കേന്ദ്രസർക്കാർ. ഇന്ധന ഔട്ട്ലെറ്റുകളിൽ, ആവശ്യത്തിന് സ്റ്റോക്കുണ്ടെന്നും രാജ്യത്ത് പെട്രോൾ, ഡീസൽ, എൽ.പി.ജി എന്നിവയ്ക്ക് ക്ഷാമമില്ലെന്നും കേന്ദ്ര പെട്രോളിയം, പ്രകൃതിവാതക മന്ത്രാലയം അറിയിച്ചു. **വിശദാംശങ്ങളിലേക്ക്.......**

(വോയിസ്)

## GOVT – LPG (VOICE)

ലോകമെമ്പാടുമുള്ള 41- ലധികം വിതരണക്കാരിൽ നിന്നും രാജ്യത്തേക്ക് ക്രൂഡ് ഓയിൽ എത്തുന്നുണ്ടെന്നും, എല്ലാ റിഫൈനറികളും 100 ശതമാനത്തിലധികം ശേഷിയിൽ പ്രവർത്തിക്കുകയാണെന്നും മന്ത്രാലയം വ്യക്തമാക്കി. അടുത്ത രണ്ട് മാസത്തേക്ക് വേണ്ട ക്രൂഡ് ഓയിൽ ശേഖരം രാജ്യത്തുണ്ട്. എൽ.പി.ജി ക്ഷാമം രാജ്യത്തെവിടെയും അനുഭവപ്പെടുന്നില്ലെന്നും, തദ്ദേശീയ റിഫൈനറികളിലൂടെയുള്ള ഉൽപ്പാദനം 40 ശതമാനം വർദ്ധിപ്പിച്ചതായും മന്ത്രാലയം അറിയിച്ചു. പരിഭ്രാന്തി മൂലം ഉപഭോക്താക്കൾ കൂടുതൽ ബുക്ക് ചെയ്യുതിനെത്തുടർന്ന് എൽ.പി.ജി സിലിണ്ടറുകളുടെ

ആവശ്യം 89 ലക്ഷം വരെ ഉയർന്നിരുന്നെങ്കിലും ഇപ്പോൾ അത് വീണ്ടും 50 ലക്ഷമായി കുറഞ്ഞിട്ടുണ്ട്. ഏകദേശം ഒരു മാസത്തേക്കുള്ള വിതരണം ഉറപ്പാക്കിയിട്ടുണ്ടെന്നും കൂടുതൽ ശേഖരണം തുടർച്ചയായി നടന്നുവരികയാണ്. പൂഴ്ത്തിവെപ്പും കരിഞ്ചന്തയും ഒഴിവാക്കാൻ സംസ്ഥാന സർക്കാരുകളുമായി സഹകരിച്ച് നപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും പെട്രോളിയം മന്ത്രാലയം വ്യക്തമാക്കി.
ന്യൂസ് ഡെസ്ക്, ആകാശവാണി......

## INTERMINISTERIAL-STATEMENT

പശ്ചിമേഷ്യൻ സംഘർഷത്തിൻറെ പശ്ചാത്തലത്തിൽ മേഖലയിലെ ഷിപ്പിങ്ങ് സാഹചര്യവും, ഇന്ത്യൻ നാവികരുടെ സുരക്ഷയും സസൂക്ഷ്മം വിലയിരുത്തുന്നതായി കേന്ദ്ര ഷിപ്പിങ്ങ് മന്ത്രാലയം. ഇന്ത്യൻ പതാക വഹിച്ച കപ്പലുകൾക്ക് നേരെ കഴിഞ്ഞ 24 മണിക്കൂറിനിടെ ഒരുവിധ വെല്ലുവിളികളും ഉണ്ടായിട്ടില്ല. 674 ഇന്ത്യൻ നാവികരെ മേഖലയിൽ നിന്നും ഇതിനകം സുരക്ഷിതമായി മടക്കിയെത്തിച്ചതായും മന്ത്രാലയം അറിയിച്ചു. പശ്ചിമേഷ്യൻ സംഘർഷത്തെ തുടർന്ന് നാലര ലക്ഷത്തോളം പേർ ഇതുവരെ രാജ്യത്തേക്ക് മടങ്ങി വന്നതായി വിദേശകാര്യ മന്ത്രാലയം അറിയിച്ചു.

## WEST ASIA CONFLICT

ഇറാൻ വിക്ഷേപിച്ച മിസൈലിന്റെ അവശിഷ്ടങ്ങൾ വീണ് അബുദാബിയിൽ രണ്ട് പേർ കൊല്ലപ്പെട്ടു. മൂന്ന് പേർക്ക് പരിക്കേറ്റു. സ്വൈഹാൻ സ്ട്രീറ്റിൽ ബാലിസ്റ്റിക് മിസൈലിന്റെ അവശിഷ്ടങ്ങൾ പതിച്ചാണ് അപകടം. നിരവധി വാഹനങ്ങൾക്കും കേടുപാടുകൾ സംഭവിച്ചിട്ടുണ്ട്. ഇതോടെ മിസൈൽ അവശിഷ്ടങ്ങൾ പതിച്ച് യു.എ.ഇ യിൽ മരിച്ചവരുടെ എണ്ണം പതിനൊന്നായി

ഉയർന്നു. അതിനിടെ പശ്ചിമേഷ്യയിൽ ഇറാനും അമേരിക്കയും തമ്മിലുള്ള സംഘർഷം പുതിയ തലത്തിലേക്ക് നീങ്ങുകയാണ്. ഹോർമുസ് കടലിടുക്കിലൂടെ കടന്നുപോകുന്ന കപ്പലുകളിൽ നിന്ന് പണം പിരിക്കാനുള്ള ഇറാന്റെ നീക്കമാണ് പുതിയ പ്രതിസന്ധിക്ക് കാരണം. ഇറാന്റെ നീക്കങ്ങളെ പ്രതിരോധിക്കാൻ അമേരിക്കൻ പടക്കപ്പലായ യു.എസ്എസ് ട്രിപ്പോളിയുടെ നേതൃത്വത്തിലുള്ള വൻ സൈനിക വ്യൂഹത്തെ ഹോർമൂസ് മേഖലയിലേക്ക് അയച്ചതായുള്ള റിപ്പോർട്ടുകളും പുറത്തുവരുന്നുണ്ട്.

## DPE

സംസ്ഥാനത്തെ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ മധ്യ വേനൽ അവധി ഒരു മാസമായി കുറച്ചെന്ന തരത്തിൽ സമൂഹമാധ്യമത്തിൽ പ്രചരിക്കുന്ന വാർത്തകൾ വ്യാജമെന്ന് പൊതുവിദ്യാഭ്യാസ വകുപ്പ്. സർക്കാർ അത്തരത്തിൽ ഒരു ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ലെന്നും അവധിയിൽ മാറ്റം വരുത്തിയിട്ടില്ലെന്നും വകുപ്പ് സെക്രട്ടറി കെ. വാസുകി അറിയിച്ചു.

## PRADHAN-QS RANKINGS

2026 ലെ ക്യു.എസ് ടോപ്പ് 50 സബ്ജക്ട് റാങ്കിംഗിൽ ഇടം പിടിച്ച് രാജ്യത്തെ പ്രമുഖ വിദ്യാഭ്യാസ സ്ഥാപനങ്ങൾ. ജെ.എൻ.യു, ഐ.ഐ.ടി ബോംബെ, ഐ.ഐ.എം അഹമ്മദാബാദ് ഉൾപ്പെടെയുള്ള സ്ഥാപനങ്ങളാണ് റാങ്കിംഗിൽ ഇടം പിടിച്ചത്. ഇന്ത്യയുടെ ഉന്നത വിദ്യാഭ്യാസ മേഖലയിലെ സുപ്രധാന നാഴികക്കല്ലാണിതെന്ന് കേന്ദ്ര വിദ്യാഭ്യാസ മന്ത്രി ധർമ്മേന്ദ്ര പ്രധാൻ പറഞ്ഞു.

## SAFF UNDER -20

മാലെയിൽ നടക്കുന്ന സാഫ് അണ്ടർ-20 ഫുട്ബോൾ ചാമ്പ്യൻഷിപ്പ്, ഗ്രൂപ്പ് മത്സരത്തിൽ പാകിസ്ഥാനെതിരെ ഇന്ത്യക്ക് ജയം. എതിരില്ലാത്ത 3 ഗോളുകൾക്കാണ് പാകിസ്ഥാനെ പരാജയപ്പെടുത്തിയത്. ശനിയാഴ്ച നടക്കുന്ന രണ്ടാം മത്സരത്തിൽ ഇന്ത്യ ബംഗ്ലാദേശിനെ നേരിടും.

☸☸☸☸☸☸☸☸☸☸☸☸☸

## GOLD RATE

സ്വർണ്ണ വില കുറഞ്ഞു. പവന് ഒരു ലക്ഷത്തി 6,000 രൂപയും ഗ്രാമിന് 13,250 രൂപയുമാണ് ഇന്നത്തെ വില.

☸☸☸☸☸☸☸☸☸☸☸☸☸

## TEMPERATURE

കേരളത്തിൽ താപനില ഉയരുന്നു. കൊല്ലം, കോട്ടയം, പാലക്കാട് ജില്ലകളിൽ ഇന്നും നാളെയും താപനില 38 ഡിഗ്രി സെൽഷ്യസ് വരെ ഉയരാൻ സാധ്യതയുണ്ടെന്ന് കാലാവസ്ഥാ വിഭാഗം മുന്നറിയിപ്പ് നൽകി. സംസ്ഥാനത്ത് ഈ മാസം 30 വരെ ഇടിമിന്നലോട് കൂടിയ ഒറ്റപ്പെട്ട മഴയ്ക്കും, ശക്തമായ കാറ്റിനും സാധ്യതയുണ്ട്.

☸☸☸☸☸☸☸☸☸☸☸☸☸☸☸☸☸☸☸☸☸☸☸☸☸☸
☸☸☸☸☸